**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2925** **13-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ഫിഷറീസ് കൺട്രോൾ റൂം സജ്ജമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫിഷറീസ് കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് ഇതിന്റെ പ്രവർത്തനങ്ങൾ എന്നറിയിക്കുമോ; | (എ) | ഉണ്ട്. കാറ്റിൻറെ വേഗത, തിരമാലയുടെ ഉയരം, കടലിൻറെ ഒഴുക്കിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂനമർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ്, മത്സ്യലഭ്യതയുള്ള സ്ഥാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ IMD, SDMA, INCOIS തുടങ്ങിയ ഏജൻസികൾ പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചു കൊടുക്കുക എന്നതാണ് ഫിഷറീസ് കൺട്രോൾ റൂമുകളുടെ പ്രധാന ചുമതല. ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന യാനങ്ങളെയെല്ലാം കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ കൂടി സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്ന ശ്രമകരമായ പ്രവൃത്തിയും കൺട്രോൾ റൂമുകൾ ആണ് നിർവ്വഹിക്കുന്നത്. |
| (ബി) | രാസപദാർത്ഥം കലർത്തിയ മത്സ്യം വിപണനം ചെയ്യുന്നതിനെതിരെ വ്യാപകമായ പരാതികൾ പതിവായിട്ടും ഇതു തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്; നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആർക്കൊക്കെ എതിരെ, വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ 28/07/2021 വരെയുള്ള റിപ്പോർട്ട് പ്രകാരം കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 201 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാനത്തൊട്ടാകെ 1652 പരിശോധനകൾ നടത്തുകയും 407 മത്സ്യസാമ്പിളുകൾ ശേഖരിയ്ക്കുകയും 128 പേർക്ക് നോട്ടീസ് നൽകുകയും 16 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 502.3 കി.ഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫോർമാലിൻ/ അമോണിയ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധനകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയതിനെ തുടർന്ന് 247 കി.ഗ്രാം മത്സ്യം നശിപ്പിച്ചിട്ടുണ്ട്. 407 സാമ്പിളുകളിൽ 298 സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 26 മത്സ്യ സാമ്പിളുകൾ ഭക്ഷ്യയോഗ്യമല്ലായെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ (18004253183) ഏർപ്പെടുത്തിയിട്ടുമുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനുമായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയ്ൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നു. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവില്പന തത്സമയം കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology) മായി ചേർന്ന് വികസിപ്പിച്ച പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റ് വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. |
| (സി) | മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ കലർത്തി വിപണനം നടത്തുന്നത് തടയുന്നതിന് പ്രത്യേക സ്ക്വാഡുകളുടെ പരിശോധന സംവിധാനം സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനം വിപുലമാക്കുമോ; വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ 28/07/2021 വരെയുള്ള റിപ്പോർട്ട് പ്രകാരം കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 201 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാനത്തൊട്ടാകെ 1652 പരിശോധനകൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും 407 മത്സ്യസാമ്പിളുകൾ ശേഖരിയ്ക്കുകയും 128 പേർക്ക് നോട്ടീസ് നൽകുകയും 16 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 502.3 കി.ഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫോർമാലിൻ/ അമോണിയ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധനകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് 247 കി.ഗ്രാം മത്സ്യം നശിപ്പിച്ചിട്ടുണ്ട്. 407 സാമ്പിളുകളിൽ 298 സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 26 മത്സ്യ സാമ്പിളുകൾ ഭക്ഷ്യയോഗ്യമല്ലായെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിയ്ക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ (18004253183) ഏർപ്പെടുത്തിയിട്ടുമുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനുമായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയ്ൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നു. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവില്പന തത്സമയം കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology) മായി ചേർന്ന് വികസിപ്പിച്ച പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റ് വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ